**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3325** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം എൽ.എ. വിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | 30/05/2018-ലെ സ.ഉ (സാധ) 1984/2018/റവ നമ്പർ ഉത്തരവു പ്രകാരം കോട്ടയ്ക്കൽ വില്ലേജിലെ പുത്തൂർ - ചെനയ്ക്കൽ ബൈപ്പാസ് മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. 26/10/2018-ലെ സ.ഉ (അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവീസ് സൊസൈറ്റി എന്ന ഏജൻസിയെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തികൊണ്ട് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 06/08/2019-ലെ സ.ഉ (കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമെടുപ്പിന്റെ 11(1) വിജ്ഞാപനം 27.11.2019-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2896 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. LARR ആക്റ്റ് 2013-ലെ സെക്ഷൻ 19(7) പ്രകാരം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥലമേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെടുന്നതാണ്. പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് 27.11.2019-ലാണ്. അപ്രകാരം 26.11.2020-ൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്.<br>എന്നാൽ LARR ആക്റ്റ് 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 19(7) പ്രകാരം |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ അധികാരം ഉപയോഗിച്ച് പ്രസ്തുത സമയപരിധി ദീർഘിപ്പിച്ച് നല്കുവാൻ നിയമം അനുശാസിക്കുന്നു. അപ്രകാരം ഈ സ്ഥലമേറ്റെടുക്കൽ നടപടിയിൽ 19(1) ദീർഘിപ്പിക്കുന്നതിന് കാര്യകാരണങ്ങൾ സഹിതം ജില്ല കളക്ടർ പ്രെപ്പോസൽ സമർപ്പിക്കുന്ന മുറക്ക് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് LARR ആക്ട് 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 19(7) പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ നീട്ടികൊണ്ടു പോകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇല്ല. മലപ്പുറം ജില്ലയിലെ കോട്ടക്കൽ - പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡ് മൂന്നാം ഘട്ടം സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട തുക എത്രയെന്ന് BVR അംഗീകരിച്ചതിനു ശേഷം തിട്ടപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ